## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4106 26.06.2013-ൽ മറുപടിക്ക്**

### ചീക്കോട് കടിവെള്ള പദ്ധതി

| ചോദ്യം<br>ശ്രീ.എളമരം കരീം | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) ചീക്കോട് കടിവെള്ള പദ്ധതി യുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | (എ) ചീക്കോട് കടിവെള്ള പദ്ധതി യുടെ കിണർ, പമ്പ് ഹൗസ്, റോവാട്ടർ പമ്പിംഗ് മെയിൻ, ചുള്ളിക്കോട് കുന്നിൽ ഭൂതല സംഭരണി എന്നീ ഘടകങ്ങൾ എൽ.ഐ.സി.യുടെ സഹകരണ ത്തോടെ പൂർത്തീകരിച്ചു. ശുദ്ധീകരണ ശാലയുടെ ബാക്കി പ്രവൃത്തികൾ, ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കൽ എന്നിവ ഒഴികെയുള്ള പ്രവൃത്തികൾ വിവിധ പാക്കേജു കളിലായി നടന്നു വരുന്നു. ശുദ്ധീകരണ ശാലയുടെ ബാക്കി പ്രവൃത്തികൾക്ക് അനുമതി നൽകി യിട്ടുണ്ട്. ആയതിന്റെ പ്രവൃത്തികൾ ഉടനെ ആരംഭിക്കുവാൻ കഴിയും. ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി റീ ടെണ്ടർ ഘട്ടത്തിലാണ്. റോ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി ടെണ്ടർ ചെയ്ത് അവാർഡ് ചെയ്തിട്ടുണ്ട്. വിതരണ ശൃംഖലയുള്ള 34.54 കോടി രൂപയുടെ എസ്റ്റിമേറ്റ് 2013 SLSSC |

| | |
|---|---|
| | യിൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും കമ്മിറ്റി 22 കോടി രൂപയുള്ള എസ്റ്റിമേറ്റിന് മാത്രമാണ് അംഗീകാരം നൽകിയത്. തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | (ബി) 2014 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) പ്രസ്തുത പദ്ധതിയിൽ നിന്ന് രാമനാട്ടുകര പഞ്ചായത്തിന് കുടിവെള്ളം നൽകാനുള്ള തീരുമാനം നടപ്പാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ? | (സി) 13.12.2012 ന് ചേർന്ന യോഗത്തിൽ, ജപ്പാൻ സഹായത്തോടെ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയിൽ ഫറൂക്ക് പഞ്ചായത്തിനെ ഉൾ പ്പെടുത്തി പകരം രാമനാട്ടുകര പഞ്ചായത്തിനെ ചീക്കോട് പദ്ധതിയിൽ ഉൾപ്പെടുത്താൻ നേരത്തെ ധാരണയുള്ളതായി ബഹു. എം.എൽ.എ. അറിയിക്കുകയും ഈ സാധ്യത പരിശോധിച്ച് ജിക്ക പദ്ധതിയിലോ ചീക്കോട് പദ്ധതിയിലോ രാമനാട്ടുകര പഞ്ചായത്തിനെ ഉൾ പ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു. ഇതിന്റെ സാങ്കതിക പഠനത്തിനായി കോഴിക്കോട് ജിക്ക പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ